മൊത്തത്തിൽ 318.09 കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട്. ടി നിക്ഷേപ തുക ആറര വർഷത്തിനുശേഷം മുതലും പലിശയും അടക്കം ഇരട്ടിയിലധികമായി മടക്കി നല്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 31-5-2003-ലെ കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ മറ്റ് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടേതായുള്ള ട്രഷറി നിക്ഷേപം താഴെപ്പറയും പ്രകാരമാണ്.

1.	മലപ്പുറം ജില്ലാ സഹകരണ ബാങ്ക്	100 കോടി
2.	ഇടുക്കി " " "	93 "
3.	കൊല്ലം " " "	75.48 "
4.	പത്തനംതിട്ട " " "	28.46 "
5.	കോഴിക്കോട് " " "	20.16 "
6.	തൃശ്ശൂർ " " "	135.00 "
7.	കോട്ടയം " " "	50.60 "
8.	തിരുവനന്തപുരം " " "	70.65 "
9.	സംസ്ഥാന സഹകരണ ബാങ്ക്	163.05 "
10.	മറ്റ് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ	318.09 "

സംസ്ഥാന സഹകരണ ബാങ്കിന്റെ പേരിലുള്ള 163.05 കോടി രൂപ ജില്ലാ സഹകരണ ബാങ്കുകൾക്കും, സംസ്ഥാന് സഹകരണ ബാങ്കിനും പലിശയിനത്തിലും മറ്റും ഗവൺമെന്റിൽ നിന്നും നൽകിയതാണ്. ടി തുക സംസ്ഥാന സഹകരണ ബാങ്കിന്റെ ട്രഷറി നിക്ഷേപമല്ല.

പി.എസ്.സി. വഴി സഹകരണസംഘങ്ങളിലെ നിയമനം

93 (1292) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണങ്ങളിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയന്ന് വിശദീകരിക്കുമോ ;

(ബി) ഏതൊക്കെ സഹകരണസംഘങ്ങളുടെ നിയമനം ആണ് പി.എസ്.സി.ക്ക് വിട്ടിട്ടുള്ളത് ; പ്രസ്തുത തീരുമാനപ്രകാരം പി.എസ്.സി.വഴി ഇതുവരെ എത്രപേരെ വിവിധ സഹകരണസംഘങ്ങളിൽ നിയമിച്ചിട്ടുണ്ട് ;

(സി) സഹകരണസംഘങ്ങളിൽ നിയമിക്കുന്നതിനുവേണ്ടി ഇപ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ?

ഉത്തരം

(എ) 1969-ലെ കേരള സഹകരണസംഘം നിയമം ചട്ടം 182, 183, 186,188 എന്നിവ പ്രകാരവും കേരള സഹകരണ നിയമം 80-ാം വകുപ്പിന് അനുസൃതമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചട്ടം 182 പ്രകാരമുള്ള 3-ാം അനുബന്ധത്തിലെ വ്യവസ്ഥകൾ പ്രകാരവുമാണ് സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്.

(ബി) സംസ്ഥാനത്തെ താഴെ പരാമർശിക്കുന്ന 15 അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടെയും 14 ജില്ലാ ബാങ്കുകളുടെയും നിയമനങ്ങളാണ് പി.സ്.സി.ക്ക് വിട്ടിട്ടുള്ളത്.

1. കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
3. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ,, തിരുവനന്തപുരം.
4. കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം
5. കേരള സംസ്ഥാന സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, തിരുവനന്തപുരം.
6. കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, എറണാകുളം
7. കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, തിരുവനന്തപുരം.
8. കേരള സംസ്ഥാന കേര കർഷക സഹകരണ ഫെഡറേഷൻ, തിരുവനന്തപുരം.
9. കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷൻ, (മത്സ്യഫെഡ്)
10. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, എറണാകുളം.
11. കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപ്പക്സ് വ്യവസായ സഹകരണസംഘം (കാപ്പക്സ്), കൊല്ലം.
12. കേരള സ്റ്റേറ്റ് കൈത്തറി നെയ്ത്ത് സഹകരണ സംഘം, തിരുവനന്തപുരം (ഹാൻടെക്സ്).
13. കേരള സ്റ്റേറ്റ് കരകൗശല അപ്പക്സ് സഹകരണ ഫെഡറേഷൻ (കയർഫെഡ്), ആലപ്പുഴ.
14. കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ (കയർഫെഡ്), ആലപ്പുഴ.
15. കേരള സംസ്ഥാന സഹകരണ ടെക്സ്റ്റയിൽ ഫെഡറേഷൻ, തൃശ്ശൂർ.
16. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്.

LIBRARY ARCHIVES Kerala Legislative Assembly

17. കൊല്ലം ജില്ലാ സഹകരണ ബാങ്ക്.

18. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്.

19. ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്.

20. കോട്ടയം ജില്ലാ സഹകരണ ബാങ്ക്.

21. ഇടുക്കി ജില്ലാ സഹകരണ ബാങ്ക്.

22. എറണാകുളം ജില്ലാ സഹകരണ ബാങ്ക്.

23. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്.

24. പാലക്കാട് ജില്ലാ സഹകരണ ബാങ്ക്.

25. മലപ്പുറം ജില്ലാ സഹകരണ ബാങ്ക്.

26. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്.

27. വയനാട് ജില്ലാ സഹകരണ ബാങ്ക്.

28. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്.

29. കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്.

ജില്ലാ സഹകരണ ബാങ്കുകളിൽ മാത്രമേ പി.എസ്.സി. വഴി നിയമനങ്ങൾ നടന്നിട്ടുള്ളൂ. പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലായി വിവിധ തസ്തികകളിൽ 766 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ജില്ലാ ബാങ്കുകളിലേക്ക് ക്ലാർക്ക്, ടൈപ്പിസ്റ്റ്, പ്യൂൺ, അഗ്രികൾച്ചറൽ ആഫീസർ, ഡ്രൈവർ തുടങ്ങിയ തസ്തികകളിൽ നിയമനം നടത്തുന്നതിന് എല്ലാ ജില്ലകളിലും പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട്.

സഹകരണവകുപ്പിലെ എഡിറ്റർ/പബ്ലിക് റിലേഷൻസ് ആഫീസർ തസ്തിക

94 (1293) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ എഡിറ്റർ/പബ്ലിക് റിലേഷൻസ് ആഫീസർ തസ്തിക നിലവിലുണ്ടോ ;

(ബി) സർവ്വീസ് ചട്ടപ്രകാരം ഈ തസ്തികയിലെ നിയമനരീതി വിശദമാക്കാമോ ;

(സി) ഇതേ വകുപ്പിലെ തന്നെ യോഗ്യരായ എത്രപേർ ഈ തസ്തികയിൽ പ്രൊമോഷൻ വഴി നിയമനത്തിന് അർഹരായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) സർവ്വീസ് ചട്ടപ്രകാരം ഈ തസ്തികയിൽ പ്രൊമോഷൻവഴി നിയമനത്തിന് അർഹരായ ജീവനക്കാർ ഉണ്ടായിരിക്കെ സർവ്വീസിലില്ലാത്ത ആരെയെങ്കിലും കോൺട്രാക്ട് അടിസ്ഥാനത്തിൽ ഈ തസ്തികയിൽ ക്രമവിരുദ്ധമായി നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly